28
ആഗസ്റ്റ് 2023
തിങ്കൾ
Pages- 5
Vol. 2 Issue 206

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA


575

# യിസ്രായേലിലെ ക്രിസ്ത്യൻ സംഘടനയ്ക്ക് പുരോഹിത വിസകൾ നിരോധിച്ചു



പേജ് 3

## ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പ് : ചരിത്രമെഴുതി നീരജ് ചോപ്ര



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 28 തിങ്കൾ



# നഷ്ടപ്പെടുന്ന തലമുറ

**തി**രുവനന്തപുരത്ത് 15 വയസ്സുകാരൻ കൂട്ടുകാരന്റെ സഹായത്തോടെ സ്വന്തം അപ്പനെ കൊല്ലാൻ ശ്രമിച്ചു എന്ന വാർത്ത നമ്മളൊക്കെ അറിഞ്ഞു കാണുമല്ലോ.

കേരളത്തിലെ കഴിഞ്ഞ കുറേ നാളുകളായുള്ള ക്രിമിനൽ കേസുകളുടെ വാർത്തകൾ വായിച്ചാൽ കുട്ടി കുറ്റവാളികളുടെ എണ്ണം കൂടിവരുന്നതായി കാണാൻ കഴിയുന്നുണ്ട്. 15 വയസോ അതിന് അടുത്ത പ്രായമോ ഉള്ള പലരും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുകയും കൊലപാതകങ്ങൾ, സ്ത്രീപീഡനങ്ങൾ എന്നിവയിൽ ഏർപ്പെടുകയും ചെയ്യുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു എന്നത് വളരെ ഞെട്ടലുളവാക്കുന്നതാണ്.

എവിടെയാണ് വാസ്തവത്തിൽ തെറ്റുപറ്റിയത്? പഴയകാലത്തെ ആളുകൾ പറയും 'കതിരിൽ വളം വച്ചിട്ട് കാര്യമില്ല' എന്ന് എന്ന്. ചെറുപ്പം മുതലേ കുട്ടികൾക്ക് സാരോപദേശം നൽകിക്കൊടുത്ത് വളർത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഈ ദൗത്യം ഏറ്റവും നന്നായിട്ട് നിർവഹിക്കാൻ കഴിയുന്നത് മാതാപിതാക്കൾക്കാണ്; പിന്നീട് അധ്യാപകർക്കും. എന്നാൽ നിർഭാഗ്യവശാൽ പലകുടുംബങ്ങളിലും ഈ ഒരു സ്വഭാവരൂപീകരണം നടക്കുന്നില്ല. സ്കൂളുകളിൽ ആണെങ്കിൽ അധ്യാപകർക്ക് വിദ്യാർത്ഥികളെ വഴക്കു പറയാനോ ചെറുതായിട്ടൊന്ന് ശിക്ഷിക്കുവാനോ പോലും സ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അതിന്റെയൊക്കെ അനന്തരഫലമാണ് ഇത്തരം സംഭവങ്ങൾ.

ഇന്ന് കുട്ടികൾ അവരുടെ മാതൃകയ്ക്ക് വേണ്ടി അന്വേഷിക്കുന്നത് സോഷ്യൽ മീഡിയയിൽ ആണ്. അവിടെ പലയിടത്തും മദ്യവും മയക്കുമരുന്ന് ഒക്കെ പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. മറ്റുള്ളവരെ തല്ലുന്നതും ചീത്ത വിളിക്കുന്നതും ഹീറോയിസം ആയിട്ട് ആഘോഷിക്കപ്പെടുന്നുണ്ട് . മാന്യമല്ലാത്ത വസ്ത്രധാരണം പോലും അവിടെ ഗ്ലാമറസ് എന്ന പേരിൽ വിശേഷവൽക്കരിക്കപ്പെടുന്നു. ഇത്തരം തെറ്റായ മാതൃകകൾ ഒരു കുട്ടിയിൽ ഉണ്ടാക്കാവുന്ന മാനസികാവസ്ഥ നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ.

ഇക്കാര്യത്തിൽ ദൈവത്തിൻറെ വചനം വളരെ കൃത്യമായ നിർദ്ദേശം നമുക്ക് നൽകുന്നുണ്ട്. 'വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും നിങ്ങൾ അവയെക്കുറിച്ചു (ദൈവത്തിന്റെ പ്രമാണം) സംസാരിച്ചുകൊണ്ട് നിങ്ങളുടെ മക്കൾക്ക് അവയെ ഉപദേശിച്ചുകൊടുക്കണം'
(ആവർത്തനം 11:19). 'ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം'(ആവർത്തനം 6: 6, 7).

ചെറുപ്പം മുതൽ തന്നെ നമ്മുടെ കുട്ടികൾക്ക് സാരോപദേശങ്ങൾ നൽകുകയും ദൈവത്തിന്റെ വചനം അവരുടെ ഹൃദയത്തിൽ ആഴത്തിൽ പതിയത്തക്ക നിലയിൽ അവരെ പഠിപ്പിക്കുകയും വേണം. സൺഡേസ്കൂൾ ക്ലാസുകൾ ഒരു കാരണവശാലും നഷ്ടപ്പെടുത്തുവാൻ അവരെ അനുവദിക്കരുത്. അല്ലായെങ്കിൽ ഇന്ന് പോത്തൻകോട് സംഭവിച്ചത്, അല്ലെങ്കിൽ നമ്മുടെ അയൽവക്കത്ത് സംഭവിച്ചത്, നാളെ നമ്മുടെ വീടുകളിലും സംഭവിച്ചേക്കാം.



പാസ്റ്റർ അനുകോശി

## അഫ്ഗാനിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് വിലക്ക് ഏർപ്പെടുത്തി താലിബാൻ ഭരണകൂടം

കാബൂൾ :അഫ്ഗാനിലെ പ്രധാന ദേശീയോദ്യാനത്തിൽ സത്രീകൾക്ക് വിലക്കേർപ്പെടുത്തി താലിബാൻ ഭരണകൂടം. അഫ്ഗാനിലെ ഏറ്റവും ജനപ്രിയ പാർക്കായ 'ബാൻഡ് ഇ അമിർ' ദേശീയ ഉദ്യാനം സന്ദർശിക്കുന്നതിൽ നിന്നാണ് സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയത്. പാർക്കിനുള്ളിൽ സ്ത്രീകൾ ഹിജാബ് ധരിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നീക്കം. കാഴ്ചകൾ കാണാൻ പോകുന്നത് സ്ത്രീകളെ സംബന്ധിച്ച് നിർബന്ധമല്ലെന്ന് ഹനാഫി പറഞ്ഞു. പ്രദേശത്ത് സത്രീകൾ ഹിജബ് ധരിക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചെന്നും പാർക്കിലെത്തുന്നവർ ബാമിയൻ നിവാസികളല്ല. അവർ മറ്റ് സ്ഥലങ്ങളിൽ നിന്ന് ഇവിടെയെത്തുന്നവരാണെന്നും ബാമിയാൻ ഷിയ ഉലമ കൗൺസിൽ മേധാവി സയ്യിദ് നസ്റുല്ല വെയ്സി പറഞ്ഞു. 'പാർക്ക് സന്ദർശിക്കുന്നതിൽ നിന്ന് സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയിരിക്കുന്നു ഇത് അഫ്ഗാനിസ്ഥാനിലെ സ്ത്രീകളോടുള്ള തികഞ്ഞ അനാദരവാണ്" ഹ്യൂമൻ റൈറ്റ്സ് വാച്ച് പ്രതിനിധി ഫെരേഷ്ട അബ്ബാസി പറഞ്ഞു. ബാമിയാനിലെ പ്രധാനപ്പെട്ടൊരു വിനോദ സഞ്ചാരകേന്ദ്രമാണ് ബാൻഡ് ഇ അമീർ. 2009ലാണ് ബാൻഡ് ഇ അമീർ അഫ്ഗാനിസ്ഥാനിലെ ആദ്യത്തെ ദേശീയ ഉദ്യാനമായി പ്രഖ്യാപിക്കപ്പെട്ടത്. (ശേഷം 3-ാം പേജിൽ)

## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

**1. ഫെയ്സ്ബുക്കിലൂടെ**

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

**2 യൂ ട്യൂബിലൂടെ**

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

**3 ഡിജിറ്റൽ ദിനപത്രത്തിലൂടെ**

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

**4 ഡിജിറ്റൽ വീക്ക്‌ലിയിലൂടെ**

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്‌ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

**5 ന്യൂസ് പേപ്പറിലൂടെ**

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

**6 വെബ്സൈറ്റിലൂടെ**

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?**
**ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ ഞങ്ങളെ വിളിക്കുക:**

India: +91 98465 52220
UAE: +971 55 862 1000

### Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# മണിപ്പൂരിൽ വീണ്ടും സംഘർഷം; മൂന്ന് വീടുകൾക്ക് തീയിട്ടു



ഇംഫാൽ : മണിപ്പൂരിൽ വീണ്ടും സംഘർഷം. ഇംഫാലിലെ ന്യൂ ലാമ്പുലെയ്ൻ പ്രദേശത്ത് മൂന്ന് വീടുകൾക്ക് അജ്ഞാതർ തീയിട്ടു. ആളൊഴിഞ്ഞ വീടുകൾക്കാണ് തീയിട്ടത്. പ്രദേശത്ത് ആൾക്കൂട്ടം തടിച്ചു കൂടിയതോടെ ഇവരെ പിരിച്ചുവിടാനായി സുരക്ഷാ ഉദ്യോഗസ്ഥർ കണ്ണീർ വാതകം പ്രയോഗിച്ചു. പ്രദേശത്തു കേന്ദ്ര, സംസ്ഥാന സേനകളെ വിന്ന്യസിക്കണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടു.

ഇതിനിടെ സുരക്ഷാ ഉദ്യോഗസ്ഥരുടെ തോക്കുകൾ അജ്ഞാതർ തട്ടിയെടുത്തു. ഫാമിലി വെൽഫെയർ സർവീസ് മുൻ ഡയറക്ടർ ഡോ. കെ രാജോയുടെ വീട്ടിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നാണ് ആയുധങ്ങൾ തട്ടിയെടുത്തത്. ആയുധങ്ങൾ തിരിച്ചു പിടിക്കാനും അക്രമികളെ കണ്ടെത്താനും പൊലീസ് അന്വേഷണം തുടങ്ങി. നിയമസഭാ സമ്മേളനം നടക്കാനിരിക്കെയാണ് അക്രമ സംഭവങ്ങൾ വീണ്ടും മണിപ്പൂരിൽ അരങ്ങേറിയത്. ഇതിനിടെ സിബിഐ അന്വേഷിക്കുന്ന കലാപ കേസുകളുടെ വിചാരണ സുപ്രീം കോടതി അസമിലേക്കു മാറ്റി.

# യിസ്രായേലിലെ ക്രിസ്ത്യൻ സംഘടനയ്ക്ക് പുരോഹിത വിസകൾ നിരോധിച്ചു



ജെറുസലേം : യിസ്രായേലിൽ സുവിശേഷ വിഹിത ക്രിസ്ത്യൻ സംഘടനയായ ദി ഇന്റർനാഷണൽ ക്രിസ്ത്യൻ എംബസ്സി യെരുശലേം (ഐസിഇജെ)ക്ക് ഇനി ഭാവി പ്രവർത്തനത്തിനുള്ള അനുമതി തടയുന്നതായി റിപ്പോർട്ട്. 'ആഭ്യന്തര മന്ത്രാലയം ഞങ്ങളെ പതുക്കെ അസ്തിത്വത്തിൽ നിന്ന് പിഴുതെറിയുകയാണ്,' ജറുസലേമിന്റെ ഇന്റർനാഷണൽ ക്രിസ്ത്യൻ എംബസി വൈസ് പ്രസിഡന്റും മുതിർന്ന വക്താവുമായ ഡേവിഡ് പാർസൺസ് ഇസ്രായേലി പത്രമായ ഹാരെറ്റ്സിനോട് പറഞ്ഞു. തങ്ങളുടെ ശ്രമങ്ങളിൽ ഭൂരിഭാഗവും ഇസ്രായേലിന്റെ ദേശീയ സുരക്ഷ ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത് ജൂതന്മാർ ഇസ്രായേലിലേക്ക് മടങ്ങുന്നത് യേശുവിന്റെ രണ്ടാം വരവിന്റെ മുന്നോടിയാണ്.

1980ൽ അന്നത്തെ പ്രധാനമന്ത്രി മെനാഖേം ബെഗിന്റെ സമ്മതത്തോടുകൂടി രജിസ്റ്റർ ചെയ്ത യിസ്രായേലി നോൺ പ്രോഫിറ്റ് ഓർഗനൈസേഷനാണ് ഐസിഇജെ. യിസ്രായേലിനോടും യഹൂദ ജനതയോടും ഐക്യദാർഢ്യത്തിലും സൌഹൃദത്തിലും നിൽക്കാൻ ലോകമെമ്പാടുമുള്ള ക്രൈസ്തവരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു അതിന്റെ സ്ഥാപക ലക്ഷ്യം. പ്രത്യേകിച്ച് 3000 വർഷം പഴക്കമുള്ള യഹൂദ പാരമ്പര്യവും യെരുശലേമുമായി ബന്ധപ്പെട്ട ചരിത്രങ്ങൾക്കും ഒരു പിന്തുണയുണ്ടാക്കുകയുമായിരുന്നു അതിന്റെ ലക്ഷ്യം.

രാജ്യത്തെ യഹൂദ ഭൂരിപക്ഷത്തിൽ പ്രായപൂർത്തിയാകാത്തവരെ സുവിശേഷവൽക്കരിക്കുന്നത് തടയുന്നതിനും ജൂതന്മാർക്ക് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് സാമ്പത്തിക പ്രോത്സാഹനങ്ങൾ വാഗ്ദാനം ചെയ്യുന്ന ആർക്കും ജയിൽവാസം അനുഭവിക്കുന്നതിനും ഇസ്രായേലിന് നിയമപരമായ നടപടികൾ ഉണ്ട്. വിശുദ്ധ ഭൂമിയിലെ റോമൻ കത്തോലിക്കാ സഭയുടെ തലവനായ ലത്തീൻ പാത്രിയാർക്കീസ് ??പിയർബാറ്റിസ്റ്റ പിസബല്ല, ക്രിസ്ത്യൻ പാദത്തിൽ സമീപകാലത്ത് വർദ്ധിച്ചുവരുന്ന ആക്രമണങ്ങൾക്ക് കാരണം തീവ്ര ജൂത തീവ്രവാദികളാണെന്ന് പറഞ്ഞു.

ഒരു മതസ്ഥാപനം എന്ന നിലയിൽ ഇനി യോഗ്യമല്ല എന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്നും പുരോഹിത വിസയ്ക്കുള്ള അഭ്യർത്ഥന നിരസിച്ചതായും യിസ്രായേലിലെ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഇത് ഭീഷണിയാണെന്നും സംഘടന വൈസ് പ്രസിഡന്റ് ഡേവിഡ് പാർസൺ പ്രതികരിച്ചു. തീരുമാനത്തിനെതിരെ അപ്പീൽ നൽകാൻ സംഘടന പദ്ധതിയിടുന്നതായി ഐസിഇജെയെ പ്രതിനിധീകരിക്കുന്ന അറ്റോർണി കാലേവ് മിയേഴ്സ് ഹാരെറ്റ്സിനോട് പറഞ്ഞു. അപ്പീലുകൾ നിരസിച്ചാൽ കോടതിയെ സമീപിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. മറ്റ് ഇവാഞ്ചലിക്കൽ സംഘടനകളും വൈദിക വിസ ലഭിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട്.

## ബൈബിൾ ക്ലാസ് ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡിൽ

ഹൂസ്റ്റൺ: ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ ഒരാഴ്ച നീളുന്ന വേദപഠന ക്ലാസുകൾ ആരംഭിക്കുന്നു. പ്രഭാഷകനും വേദാധ്യാപകനും അപ്പോളജിസ്റ്റുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. ഓഗസ്റ്റ് 28 തിങ്കളാഴ്ച മുതൽ സെപ്തംബർ 2 ശനിയാഴ്ച വരെ വൈകുന്നേരം 7 മുതൽ 9 വരെയാണ് ബൈബിൾ സ്റ്റഡി ക്ലാസുകൾ. പുതിയ നിയമത്തിലെ എബ്രായ ലേഖനത്തെ ആധാരമാക്കിയാണ് ക്ലാസുകൾ.
ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡിൽ വച്ച് നടക്കുന്ന (7705, SOUTH LOOP EAST FWY) HOUSTON TX 77012) ബൈബിൾ സ്റ്റഡി ക്ലാസ്സുകൾക്ക് പാസ്റ്റർ മാത്യു.കെ. ഫിലിപ്പ് 281 736 6008 നിജിൻ തോമസ് (സെക്രട്ടറി) ജോർജ് തോമസ് (ട്രഷറർ) എന്നിവർ നേതൃത്വം നൽകും.

## റ്റി.പി.എം റാന്നി സെന്റർ: സ്പെഷ്യൽ ബൈബിൾ ക്ലാസ്സുകൾ

റാന്നി: ദി പെന്തെക്കോസ്ത് മിഷൻ റാന്നി സെന്ററിന്റെ ആഭിമുഖ്യത്തിൽ നാളെ ആഗസ്റ്റ് 28 മുതൽ 30 വരെ സ്പെഷ്യൽ ബൈബിൾ ക്ലാസുകൾ റാന്നി അങ്ങാടി റ്റി പി എം സെന്റർ ഫെയ്ത്ത് ഹോമിൽ നടക്കും. 28, 29, 30 തീയതികളിൽ വൈകിട്ട് 5.45 ന് 'ദൈവസ ഭയും നിത്യതയും' എന്ന വിഷയത്തെ ആസ്പദമാക്കി സ്പെഷ്യൽ ബൈബിൾ ക്ലാസ്സും 29 ാം തീയതി രാവിലെ 9 മുതൽ 4 വരെ ഏകദിന യുവജന മീറ്റിംഗും ഉണ്ടായിരിക്കും. സഭയുടെ സീനിയർ ശുശ്രൂഷകർ യോഗങ്ങൾക്ക് നേതൃത്വം നൽകും.

## ക്രിമിനൽ സംഘം തട്ടിക്കൊണ്ടുപോയ വൈദികനും സെമിനാരി വിദ്യാർത്ഥിക്കും മോചനം

അബൂജ: നൈജീരിയയിൽ നിന്നും ക്രിമിനൽ സംഘം തട്ടിക്കൊണ്ടുപോയ വൈദികനും സെമിനാരി വിദ്യാർത്ഥിക്കും മോചനം. മാലി സ്വദേശിയായ കത്തോലിക്ക വൈദികൻ പോൾ സനോഗയും, ടാൻസാനിയൻ വംശജനായ സെമിനാരി വിദ്യാർത്ഥി ഡൊമിനിക് മെറികിയോറിയും ആണ് മോചിതനായത്. മൂന്നാഴ്ചകൾക്ക് മുമ്പ് തട്ടിക്കൊണ്ടു പോകപ്പെട്ട സൊസൈറ്റി ഓഫ് മിഷ്ണറീസ് ഓഫ് ആഫ്രിക്ക സമൂഹത്തിലെ അംഗങ്ങളായ ഇരുവരെയും ഓഗസ്റ്റ് 23നാണ് മോചിപ്പിച്ചത്. നൈജീരിയയിലെ മിന്യാ രൂപതയിലാണ് ഇരുവരും സേവനം ചെയ്തിരുന്നത്. മിഷ്ണറീസ് ഓഫ് ആഫ്രിക്കയുടെ ഘാനനൈജീരിയ മേഖലയുടെ പ്രോവിൻഷ്യൽ സുപ്പീരിയർ പദവി വഹിക്കുന്ന ഫാ. ഡെന്നിസ് ഡാഷോങ് പാമാണ് മോചനം സംബന്ധിച്ച് വാർത്ത പുറത്തുവിട്ടത്.

മനസ്സിന് ആഘാതം ഏൽക്കുന്ന അവസ്ഥയിലൂടെ കഴിഞ്ഞ മൂന്ന് ആഴ്ചക്കാലം തട്ടിക്കൊണ്ടു പോയവരുടെ ഇടയിൽ കഴിയേണ്ടി വന്നുവെങ്കിലും ഇരുവരുടെയും ആരോഗ്യനില തൃപ്തികരമാണെന്ന് അദ്ദേഹം പറഞ്ഞു. ഇവരുടെ മോചനത്തിനുവേണ്ടി പ്രാർത്ഥിച്ചവർക്ക് ഫാ. ഡെന്നിസ് നന്ദിയും രേഖപ്പെടുത്തി. വൈദികന്റെയും, സെമിനാരി വിദ്യാർത്ഥിയുടെയും മോചനത്തിൽ മിഷ്ണറീസ് ഓഫ് ആഫ്രിക്കയുടെ സുപ്പീരിയർ ജനറൽ പദവി വഹിക്കുന്ന ഫാ. സ്റ്റാൻ ലുബുങ്കോ സന്തോഷം രേഖപ്പെടുത്തി.

## സ്ത്രീകൾക്ക് വിലക്ക്... 2-ാംപേജ് തുടർച്ച

1990കളിൽ അധികാരത്തിലിരുന്നതിനേക്കാൾ കൂടുതൽ മിതത്വമുള്ള ഭരണമായിരിക്കുമെന്ന വാഗ്ദനങ്ങൾ ഉണ്ടായിരുന്നിട്ടും, താലിബാൻ കടുത്ത നടപടികളിലൂടെയാണ് മുന്നോട്ട് പോവുന്നത്. പാർക്കുകളും ജിമ്മുകളും പോലെയുള്ള പൊതു ഇടങ്ങളിൽ സ്ത്രീകളെ തടയുകയും മാധ്യമ സ്വാതന്ത്ര്യത്തെ തകർക്കുകയും ചെയ്തു.
ഐക്യരാഷ്ട്ര സഭയിലോ എൻജിഒകളിലോ ജോലി ചെയ്യുന്നതിൽ നിന്ന് സ്ത്രീകളെ വിലക്കിയിട്ടുണ്ട് , ആയിരക്കണക്കിന് പേർ സർക്കാർ ജോലികളിൽ നിന്ന് പിരിച്ചുവിടപ്പെട്ടു. 2021 ഓഗസ്റ്റിൽ അമേരിക്കയുടെ നാറ്റോ സേന അഫ്ഗാനിൽ നിന്നും പിൻവാങ്ങിയതോടെ അധികാരം പിടിച്ചെടുത്തതിന് ശേഷം വിദ്യാഭ്യാസം പൊതു ഇടങ്ങളിലേക്ക് പ്രവേശിക്കുന്നത്, തുടങ്ങി പകുതിയിലധികം തൊഴിലവസരങ്ങളിലും സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയിരുന്നു.

## ബൈബിളിലെ സാംസണെ ചിത്രീകരിക്കുന്ന

# മൊസൈക്ക് കണ്ടെത്തി പുരാവസ്തു ഗവേഷകർ



നോർത്ത് കരോലിന:പുരാതന സിനഗോഗിൽ ബൈബിൾ കഥകൾ ചിത്രീകരിക്കുന്ന ഒരു മൊസൈക് പാനൽ കണ്ടെത്തി. ആദ്യകാല ക്രിസ്തീയ ഭരണത്തെ യഹൂദ ജനതയിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഉത്തരം തേടുന്ന പുരാവസ്തു ഗവേഷകരാണ് ഇത് കണ്ടെത്തിയത്.

നോർത്ത് കരോലിന ചാപ്പൽ ഹിൽ സർവകലാശാലയിലെ പുരാവസ്തു ഗവേഷകനും ആദ്യകാല യഹൂദമത പ്രൊഫസറുമായ ജോഡി മാഗ്നസ് 2011 മുതൽ പുരാതന ജൂത ഗ്രാമമായ ഹുക്കോക്കിലെ സിനഗോഗിൽ ഖനനം നടത്തി വരികയാണ്. ഇസ്രായേലിലെ ലോവർ ഗലീലിയിലാണ് ഈ ഗ്രാമം സ്ഥിതി ചെയ്യുന്നത്.

മാഗ്നസും സംഘവും 2012ൽ കെട്ടിടത്തിന്റെ തറയിലേക്ക് ഉത്ഖനനം നടത്തിയതിന് ശേഷമാണ് ആദ്യത്തെ മൊസൈക്കുകൾ കണ്ടെത്തി
.

പ്രധാന കവാടത്തിനുള്ളിൽ തറയിൽ പുതുതായി കണ്ടെത്തിയ മൊസൈക്കിൽ ഒരു റീത്തിനുള്ളിൽ ഹീബ്രു ലിഖിതമുള്ള ഒരു വലിയ പാനൽ അടങ്ങിയിരിക്കുന്നു. മൊസൈക്കിന് ധനസഹായം നൽകിയ ദാതാക്കളുടെയോ അവ സൃഷ്ടിച്ച കലാകാരന്മാരുടെയോ പേരുകൾ ഒരു അരാമിക് ലിഖിതത്തിൽ അതിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മറ്റ് പാനലുകളിൽ കടുവ ഒരു ഐബെക്സിനെ വേട്ടയാടുന്നത് , മറ്റൊന്നിൽ ഒരു ഫിലിസ്ത്യൻ കുതിരക്കാരനെയും മരിച്ച ഒരു ഫിലിസ്ത്യ സൈനികനെയും കാണാസാധിക്കും .

'കൂടാതെ, കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ മൺപാത്രങ്ങളുടെയും നാണയങ്ങളുടെയും അനുബന്ധ പുരാവസ്തുക്കൾ നൽകിയ ഡേറ്റിംഗിന്റെ അടിസ്ഥാനത്തിൽ, ഇത്തരത്തിലുള്ള സിനഗോഗ് കെട്ടിടം നാല്, അഞ്ച്, ആറ് നൂറ്റാണ്ടുകളിലുള്ളതാണെന്ന് പുരാവസ്തു തെളിവുകൾ സൂചിപ്പിക്കുന്നുവെന്ന് ഗവേഷണ സംഘം പറഞ്ഞു.
ജൂതന്മാരുടെ ഗതിയും ക്രിസ്ത്യൻ ഭരണത്തിന് ശേഷമുള്ള ജൂതന്മാരുടെ ഗതിയും രണ്ട് മതങ്ങളിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധവും മനസ്സിലാക്കുന്നതിന് ഈ കണ്ടെത്തലുകൾക്ക് സ്വാധീനമുണ്ടെന്ന് മാഗ്നസ് കൂട്ടിച്ചേർത്തു.

റോമൻ, ബൈസന്റൈൻ കാലഘട്ടങ്ങളിൽ ഹുക്കോക്ക് ഗ്രാമം നിലനിന്നിരുന്നു,
ഇപ്പോൾ ഖനനം അവസാനിപ്പിച്ച് ഭൂമി ഇസ്രായേൽ രാജ്യത്തിന്റേതായതിനാൽ മാഗ്നസ് സംഘം കണ്ടെത്തിയതെല്ലാം രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായി അവിടെ നിലനിൽക്കും. ഈ സ്ഥലത്ത് ഇസ്രായേൽ വിനോദസഞ്ചാരം അനുവദിക്കാമെന്ന ആശ പ്രൊജക്റ്റ് സംഘം നിർദ്ദേശിച്ചു എങ്കിലും ജൂത രാഷ്ട്രത്തിന്റേ തീരുമാനത്തിനായി കാക്കുകയാണ് .
പ്രോജക്ടിൽ പ്രവർത്തിക്കുന്ന ആളുകളുടെ എണ്ണത്തിൽ വർഷം തോറും വ്യത്യാസമുണ്ടെങ്കിലും ഈ വർഷം 50 ഓളം പേരാണ് ടീമിൽ ഉണ്ടായിരുന്നത്. ആദ്യകാല ക്രിസ്ത്യൻ ഭരണത്തിൻ കീഴിലുള്ള ജൂത ഗ്രാമങ്ങളുടെ ഗതിയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്ഖനനത്തിലൂടെ ഉത്തരം നൽകാൻ താൻ ശ്രമിച്ചതായി മാഗ്നസ് പറഞ്ഞു .

# യിസ്രായേലിൽ ഇന്ത്യൻ യഹൂദ സാംസ്ക്കാരിക വേദി തുറന്നു



എയ്‌ലാത്ത് : ചെങ്കടലിലെ തെക്കൻ തീരദേശ നഗരമായ ഇസ്രായേലും ഇന്ത്യയുമായി ശക്തമായ ബന്ധം നേരത്തെ പ്രകടമാക്കിയിട്ടുണ്ട്. ഇന്ത്യയുടെ 77ാമത് സ്വാതന്ത്ര്യ ദിന ആഘോഷങ്ങളോടനുബന്ധിച്ച് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം അടയാളപ്പെടുത്താൻ യിസ്രായേലിലെ എയ്‌ലാത്ത് നഗരത്തിൽ ഇന്ത്യൻ യഹൂദ സാംസ്ക്കാരിക വേദി തുറന്നു. ഇന്ത്യയും ഇസ്രായേലും തമ്മിലുള്ള സ്നേഹം, സൗഹൃദം, പരസ്പര കരുതൽ, അഗാധമായ ബന്ധം എന്നിവയുടെ പ്രതീകമാണ് സ്ക്വയർ എന്ന് എലിത് മേയർ എലി ലങ്കി പറഞ്ഞു. ഇന്ത്യൻജൂത സമൂഹവും എലത്ത് നഗരവും തമ്മിലുള്ള ബന്ധവും ഇത് കാണിക്കുന്നു, സ്ക്വയർ ഉദ്ഘാടനം ചെയ്ത ശേഷം അദ്ദേഹം പറഞ്ഞു.

ഇന്ത്യയും യിസ്രായേലും തമ്മിലുള്ള അഗാധമായ ബന്ധത്തിന്റെയും സ്നേഹം, സൌഹൃദം, പരസ്പരം കരുതൽ എന്നിവയുടെയും പ്രതീകമാണ് ഇന്ത്യൻ യഹൂദ സാംസ്ക്കാരിക ചത്വരമെന്ന് സ്ക്വയർ ഉദ്ഘാടനം ചെയ്ത മേയർ പറഞ്ഞു. ഇന്ത്യൻജൂത സമൂഹത്തിന്റെ പാരമ്പര്യങ്ങൾക്കുള്ള പ്രധാന അംഗീകാരമായി ഹീബ്രു കലണ്ടറിന്റെ ഔദ്യോഗിക ദേശീയ അവധിയായി മലിദ ഇപ്പോൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. നഗരത്തിലെ ഇന്ത്യൻ കമ്മ്യൂണിറ്റി നേതാവും ഈ സംരംഭത്തിന്റെ പ്രേരകശക്തിയുമായ ഐസക് സോളമൻ, 'ഇന്ത്യയും ഇസ്രായേലും തമ്മിലുള്ള ദീർഘകാല സൗഹൃദത്തിന്റെ പ്രതീകമായ സ്മാരകം' എന്നാണ് ഈ സ്ഥലത്തെ വിശേഷിപ്പിച്ചത്.

85,000 ശക്തരായ ജൂത സമൂഹം, അക്കാദമിക്, ശാസ്ത്ര മേഖലകൾ, ബിസിനസ്സ്, പ്രതിരോധം തുടങ്ങി വിവിധ മേഖലകളിലെ നേട്ടങ്ങളോടെ ഇന്ത്യയുടെയും ഇസ്രായേലിന്റെയും പതാക ഉയരത്തിൽ പറക്കുന്നുണ്ടെന്ന് ചടങ്ങിൽ പങ്കെടുത്ത ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ പറഞ്ഞു. ഇന്ത്യയഹൂദ സമൂഹവും എയ്‌ലാത്ത് നഗരവും തമ്മിലുള്ള ബന്ധവുമാണ് ഇത് സൂചിപ്പിക്കുന്നത്. ഭൂമി ശാസ്ത്രപരമായ അതിരുകൾ മറികടന്നുള്ള ഇന്ത്യയിലെയും യിസ്രായേലിലെയും ജനങ്ങളുടെ ഈ സൗഹൃദം ഭാവി തലമുറകൾക്ക് ഒരു പ്രചോദനമാകട്ടെയെന്ന് ചത്വരത്തിലെ ഫലകത്തിൽ കുറിച്ചുവച്ചു. ചത്വരത്തിലെ മതിലിന്റെ രണ്ട് വശങ്ങളിലായി ഇന്ത്യയുടെയും യിസ്രായേലിന്റെയും പതാകകൾ ആലേഖനം ചെയ്തിട്ടുണ്ട്. എയ്‌ലാത്തിൽ 120ഓളം ഇന്ത്യൻ യഹൂദ കുടുംബങ്ങളും മറ്റ് നിരവധി ഇന്ത്യൻ കുടുംബങ്ങളും താമസിക്കുന്നുണ്ട്.

## ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പ് : ചരിത്രമെഴുതി നീരജ് ചോപ്ര




ഡൽഹി :ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിൽ ചരിത്രമെഴുതി നീരജ് ചോപ്ര. ജാവലിൻ ത്രോയിൽ സ്വർണം നേടിയ നീരജ് ചോപ്ര, ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യാക്കാരനായി. 88.17 മീറ്റർ ദൂരത്തേക്ക് ജാവലിൻ പായിച്ചാണ് നീരജിന്റെ സ്വർണ നേട്ടം. ആദ്യശ്രമം ഫൗളായത് അൽപം ആശങ്കയായെങ്കിലും രണ്ടാം ശ്രമത്തിൽ നീരജ് സ്വർണം എറിഞ്ഞിടുകയായിരുന്നു.

## എമേഴ്സൺ മംഗഗ്വ സിംബാബ്വെ പ്രസിന്റ്



ഹരാരെ: എമേഴ്സൺ മംഗഗ്വ വീണ്ടും സിംബാബ്‌വെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ദീർഘകാലം
രാജ്യം ഭരിച്ച റോബർട് മുഗാബെയിൽ നിന്ന് 2017ലെ സൈനിക അട്ടിമറിക്കുശേഷം അധികാരമേറ്റ മംഗഗ്വരണ്ടാമതും തെരഞ്ഞെടുക്കപ്പെടുമെന്ന് വിലയിരുത്തലുണ്ടായിരുന്നു. അദ്ദേഹത്തിന് 52.6 ശതമാനം വോട്ടുലഭിച്ചപ്പോൾ മുഖ്യ എതിരാളി നെൽസൺ ചാമിസക്ക് 44 ശതമാനം വോട്ട് ലഭിച്ചു. 80കാരനായ മംഗഗ്വക്ക് കാര്യമായ വെല്ലുവിളി ഉയർത്താൻ 45കാരനായ ചാമിസക്ക് കഴിഞ്ഞില്ല. അതേസമയം, തെരഞ്ഞെടുപ്പ് അട്ടിമറിക്കപ്പെട്ടതായി പ്രതിപക്ഷം ആരോപിച്ചു. തെരഞ്ഞെടുപ്പ് പ്രക്രിയ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസരിച്ചായിരുന്നില്ലെന്ന് വിദേശത്തുനിന്നെത്തിയ തെരഞ്ഞെടുപ്പ് നിരീക്ഷകരും അഭിപ്രയപ്പെട്ടു.

## സംഘർഷങ്ങൾക്കിടയിലും സമാധാനം സ്ഥാപിക്കുന്നവരാകുക: ഫ്രാൻസിസ് മാർപാപ്പ



മോസ്കോ : സംഘർഷങ്ങൾക്കിടയിലും സമാധാനം സ്ഥാപിക്കുന്നവരാകാൻ റഷ്യൻ കത്തോലിക്കരോട് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. ആഗസ്റ്റ് 25ന് സെന്റ് പീറ്റേഴ്സ് ബർഗിൽ നടന്ന റഷ്യൻ കത്തോലിക്കാ യുവജനങ്ങളുടെ പത്താമത് സമ്മേളനത്തിലെ വീഡിയോ കോൺഫറൻസിൽ വച്ചാണ് ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം ഓർമ്മപ്പെടുത്തിയത്.

'യുവാക്കളായ റഷ്യൻ കത്തോലിക്കരെ, അനുരഞ്ജനത്തിന്റെ വിത്തു വിതയ്ക്കുന്നവരാകുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ ലോകത്ത് നിലനിൽക്കുന്ന സംഘർഷങ്ങളുടെയും ധ്രുവീകരണങ്ങളുടെയും നടുവിൽ നിങ്ങൾ സമാധാനത്തിന്റെ സൃഷ്ടാക്കൾ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു' ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളെ അനുസ്മരിപ്പിച്ചു. ആഗസ്റ്റ് 23 മുതൽ 27 വരെ റഷ്യയിലെ പ്രധാന നഗരമായ സെന്റ് പീറ്റേഴ്സ് ബർഗിൽ നടന്ന സമ്മേളനത്തിൽ 400 യുവജനങ്ങൾ പങ്കെടുത്തിരുന്നു. ഈ അവസരത്തിൽ ആഗോള യുവജന സമ്മേളനത്തിലെ സന്ദേശത്തെക്കൂടി മാർപാപ്പ ഓർമ്മപ്പെടുത്തിയിരുന്നു.

CNL MEDIA 7
CHRISTIANLIVE DAILY
Vol. 2 Issue 206
28 Monday
Pages 5
575

# ആശ്വാസ ഹസ്തവുമായി മണിപ്പൂർ സന്ദർശിച്ച് പെന്തക്കോസ്ത് സംഘം

ഇംഫാൽ: മണിപ്പൂരിന്റെ കണ്ണീരൊപ്പാൻ മലയാള പെന്തക്കോസ്ത് സമൂഹത്തിന്റ പ്രതിനിധികളുമെത്തി. പാസ്റ്റർ തോമസ് കുര്യൻ, ബ്രദർ സജി പോൾ, ബ്രദർ മാത്യു സാം എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് മണിപ്പൂരിൽ നാലു ദിവസങ്ങൾ ചെലവിട്ട് പതിനെട്ടു ക്യാമ്പുകൾ സന്ദർശിച്ചത്.

'ഈ യാത്രയിൽ ഞങ്ങൾ മുവായിരത്തിലേറെ ആളുകളെ കണ്ടു. കുക്കി മേഖലയിലുള്ള ക്യാമ്പുകൾ പ്രവർത്തിക്കുന്നത് സ്കൂളുകളും പള്ളികളും കേന്ദ്രികരിച്ചാണ്. അവരിൽ എല്ലാവരുടെയും വീടുകൾ മെയ്തികൾ കത്തിച്ചു കളഞ്ഞതാണ്; ജീവരക്ഷാർത്ഥം ഉടുതുണിയുമായി ഒന്നും രണ്ടും ദിവസങ്ങൾ ഓടി എത്തിയവരാണ് ഇവരെല്ലാം! ദൈവ വചനത്തിൽ നിന്നും സംസാരിച്ച് അവരെ ബലപ്പെടുത്താൻ ഞങ്ങൾക്ക് കഴിഞ്ഞു.' മണിപ്പൂർ സന്ദർശനത്തെ കുറിച്ച് ബ്രദർ സജി പോൾ ക്രിസ്ത്യൻ ലൈവിനോട് വിശദികരിച്ചു.

വിവിധ പെന്തക്കോസ്ത് മലയാള കൂട്ടായ്മകളിൽ നിന്നും സമാഹരിച്ച ഇരുപത് ലക്ഷം രൂപയുടെ സഹായമാണ് സംഘം മണിപ്പൂരിൽ നേരിട്ട് ചെയ്തത്.അരിയും പച്ചക്കറികളും ഉൾപ്പെടുന്ന നിത്യോപയോഗ സാധനങ്ങൾ കൂടാതെ ആയിരത്തോളം ബെഡ് ഷീറ്റുകളും കൊതുകു വലകളും പായകളും പാംമ്പേഴ്സും, സോപ്പും മിഠായികളും ബ്രഷും പേയ്സ്റ്റും എല്ലാം മണിപ്പൂരിൽ വിതരണം ചെയ്യാൻ ഇവർക്ക് കഴിഞ്ഞു. ദൈവം അനുവദിച്ചാൽ തുടർന്നും മണിപ്പൂർ സന്ദർശിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ആഗ്രഹമുണ്ടെന്നും ബ്രദർ സജി പോൾ ക്രിസ്ത്യൻ ലൈവിന് അനുവദിച്ച അഭിമുഖത്തിൽ പറഞ്ഞു.



## മണിപ്പൂരുകൾ ആവർത്തിക്കരുത്: പ്രകാശ് പി തോമസ്

റാസൽഖൈമ: ഭാരതത്തിൻറെ മനസ്സാക്ഷിക്ക് മുറിവുണ്ടാക്കിയ മണിപ്പൂരുകൾ ആവർത്തിക്കരുത് എന്നും മണിപ്പൂരിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരവും ജോലിയും നൽകുന്നതോടൊപ്പം തകർക്കപ്പെട്ട കെട്ടിടങ്ങൾ പുനർ നിർമ്മിച്ചു കൊടുക്കുന്നതിനും സർക്കാർ തയ്യാറാകണമെന്ന് കേരള കൗൺസിൽ ഓഫ് ചർച്ചസ് ജനറൽ സെക്രട്ടറി ഡോക്ടർ പ്രകാശ് പി തോമസ് ആവശ്യപ്പെട്ടു. കെ സി സി റാസൽഖൈമ സോണിന്റെ നേതൃത്വത്തിൽ മണിപൂർ കലാപത്തിലെ ദുരിതബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് വേണ്ടി റാസൽഖൈമ സെൻറ് തോമസ് മാർത്തോമാ പള്ളിയിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രകാശ് പി തോമസ്. കെസിസി സോൺ പ്രസിഡൻറ് സിറിൽ വർഗീസ് വടക്കടത്ത് അച്ചൻ അധ്യക്ഷത വഹിച്ചു.

മണിപ്പൂരിൽ നടക്കുന്ന അക്രമങ്ങളിൽ ആശങ്ക രേഖപ്പെടുത്തി കൊണ്ടുള്ള പ്രതിഷേധ പ്രമേയം ജെറി ജോൺ അവതരിപ്പിച്ചു. റവ. മഞ്ജുനാഥ സുന്ദർ, ഷാജി തോമസ്, ഡെജി പൗലോസ്, ലീന വർഗീസ്, അജി സഖറിയ എന്നിവർ പ്രസംഗിച്ചു.



കേരള കൗൺസിൽ ഓഫ് ചർച്ചസ് റാസൽഖൈമ സോണിന്റെ നേതൃത്വത്തിൽ മണിപ്പൂർ കലാപത്തിലെ ദുരിതബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് വേണ്ടി നടത്തിയ സമ്മേളനം കെ സി സി ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഷാജി തോമസ്, ഡെജി പൗലോസ്, റവ. മഞ്ജുനാഥ് സുന്ദർ, ഫാ. സിറിൽ വർഗീസ് വടക്കേടത്ത്, ജെറി ജോൺ എന്നിവർ സമീപം.

## ബസേലിയ 2023

മുണ്ടക്കയം: ഐ.പി.സി. മുണ്ടക്കയം സെന്റർ പി.വൈ.പി.എ, സണ്ടേസ്കൂൾ, സോദരി സമാജം, സംയുക്ത ക്യാമ്പ് ' ബസേലിയ' എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി ഐ.പി.സി. പാറത്തോട് ഇമ്മാനുവേൽ സഭാ ഹാളിൽ വച്ചു ഓഗസ്റ്റ് 30 ബുധൻ രാവിലെ 9 മുതൽ 4 വരെ നടക്കും. ഐ.പി.സി. മുണ്ടക്കയം സെന്റർ മിനിസ്റ്റർ പാസ്റ്റർ ഈ.റ്റി. കുഞ്ഞുമോൻ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർ ഷോജൻ ദാനിയേൽ , പാസ്റ്റർ ഷിജു ആന്റണി എന്നിവർ ക്ലാസെടുക്കുന്നതും ഹിൽടോപ്പ് കിഡ്സ് & യുത്ത് മിനിസ്ട്രീസ് കുട്ടികൾക്കുള്ള പ്രോഗ്രാം നയിക്കുന്നതുമാണ്. ജനറൽ കൺവീനർ പാസ്റ്റർ ഷാരോൺ പി.ആർ,Br.കെബികെ.ടോംസ്(പി.വൈ.പി.എ.സെക്രട്ടറി),Pr. എം.കെ. മോഹനൻ(സണ്ടേസ്കൂൾ സെക്രട്ടറി)Sis: ബീന കുഞ്ഞുമോൻ(സോദരി സമാജം പ്രസിഡന്റ്) എന്നിവർ നേതൃത്വം നൽകും.

